ഇതിനകം മരിച്ചു. അതുപോലെ ഉൾനാടൻ റോഡുകളെല്ലാം ഗതാഗതയോഗ്യ മല്ലാതായിത്തീർന്നു. അടിയന്തിരമായും ഇത്തരം കാര്യങ്ങൾക്ക് ആശ്വാസ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, കാസർകോട്, കണ്ണൂർ ജില്ലകളിൽ കനത്ത മഴമൂലം നാശനഷ്ടം ഉണ്ടായതായി ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. കുഞ്ഞിരാമൻ പറഞ്ഞത് വസ്തുതയാണ്. കണക്കുകൾ പൂർണ്ണമായി കിട്ടിയിട്ടുണ്ട്. അത് മുഴുവൻ വായിക്കുന്നില്ല. വീടുകൾ തകർന്നവർക്ക് 35,000 രൂപ അനുവദിക്കുന്നതിനുപുറമേ 65,000 രൂപകൂടി ഗവൺമെന്റ് അനുവദിക്കുന്നുണ്ട്. അങ്ങനെ ഒരു ലക്ഷം രൂപ നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാസർകോട് ജില്ലയ്ക്ക് ഒരുകോടി 35 ലക്ഷം രൂപയും കണ്ണൂർ ജില്ലയ്ക്ക് ഒരു കോടി 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഈ തുക എത്രയും വേഗം വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(6) അന്താരാഷ്ട്ര വിമാനത്താവളത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കാൻ നടപടി

ശ്രീ. എ. പ്രദീപ് കുമാർ: സർ, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട ഈ പ്രശ്നം ഞാൻ രണ്ടാമത്തെ തവണയാണ് സഭയിൽ ഉന്നയിക്കുന്നത്. ലോകത്തിലെ തന്നെ ഏറ്റവും ചെറിയ ഇന്റർനാഷണൽ എയർപോർട്ടാണ് 337 ഏക്കർ മാത്രമുള്ള കോഴിക്കോട് എയർപോർട്ട്. ഇവിടെയുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഒരേ സമയം 12 വിമാനങ്ങൾ മാത്രം പാർക്ക് ചെയ്യാനുള്ള പാർക്കിംഗ് സൗകര്യം മാത്രമാണ് അവിടെയുള്ളത്. പലപ്പോഴും വിമാനങ്ങൾ വന്ന് പാർക്കിംഗ് സിഗ്നൽ ലഭിക്കാതെ തിരിച്ചുപോകേണ്ട അവസ്ഥയാണ്. ഗൾഫ് യാത്രക്കാർ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന പ്രസ്തുത വിമാനത്താവളം ഇന്ന് പ്രതിസന്ധിയിലാണ്. അതിന് ഇന്റർനാഷണൽ സ്റ്റാറ്റസ് നഷ്ടപ്പെടുമെന്നുള്ള നിലയിൽ കാര്യങ്ങൾ നിൽക്കുകയാണ്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ 350 കോടി രൂപ അതിന്റെ വികസനത്തിനുവേണ്ടി അനുവദിച്ചു. പക്ഷേ വികസനത്തിന് ആവശ്യമായ 136 ഏക്കർ ഭൂമി ഏറ്റെടുത്ത് കൊടുക്കേണ്ട ബാദ്ധ്യത സംസ്ഥാന ഗവൺമെന്റിനാണ്. എന്നാൽ സംസ്ഥാന ഗവൺമെന്റ് ഈ ബാധ്യത നിറവേറ്റിയിട്ടില്ല. ഭൂമി ഏറ്റെടുക്കാൻ റികമിസിഷൻ പോകേണ്ടത് ട്രാൻസ്പോർട്ട് വകുപ്പിൽനിന്നാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒന്നും ചെയ്തിട്ടില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ നിയമസഭയിൽ ഞാൻ സബ്മിഷൻ ഉന്നയിച്ച സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനുവേണ്ടി ഉന്നതതലയോഗം വിളിക്കുമെന്ന് പറഞ്ഞിരുന്നതാണ്. യോഗം വിളിച്ചിട്ടില്ല. നീതീകരിക്കുവാനാകാത്ത കാലതാമസമാണ് കോഴിക്കോട് എയർപോർട്ടിന്റെ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. അതുകൊണ്ട് കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സ്റ്റാറ്റസ് നിലനില്ക്കണമെങ്കിൽ ആ ഭൂമി

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അതിവേഗം കൈക്കൊള്ളുന്നതിനായി ഒരു ഉന്നതതലയോഗം വിളിക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം ഏറ്റവും പ്രധാനപ്പെട്ടതാണ്. 137 ഏക്കർ ഭൂമിയാണ് നമുക്ക് ആവശ്യമായി വരുന്നത്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽത്തന്നെ പല യോഗങ്ങൾ ഇതിനകം ചേർന്നിരുന്നു. തദ്ദേശവാസികളുടെയും ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെയും ശക്തമായ എതിർപ്പ് ഉണ്ടായതുകൊണ്ടാണ് ഒരു നടപടിയും സ്വീകരിക്കാതെ വന്നത്. ചർച്ചകളെ തുടർന്ന് ആ എതിർപ്പുകളിൽ ഇപ്പോൾ മാറ്റം വന്നിട്ടുണ്ട്. ഒരു പാക്കേജോടുകൂടി ഭൂമി ഏറ്റെടുക്കാം. 176 വീടുകൾ, ഒരു മുസ്ലീം പള്ളി, ഒരു ക്ഷേത്രം എന്നിവ ഇതിനകത്ത് വരുന്നുണ്ട്. ഈ 176 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ 20 ഏക്കർ സ്ഥലംകൂടി ഈ പാക്കേജിന്റെ ഭാഗമായി ഏറ്റെടുക്കുവാനുള്ള നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നത്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) മലയാറ്റൂർ രാമകൃഷ്ണന് സ്മാരകം

ശ്രീ. സാജു പോൾ : സർ, തോക്കും ചക്രവും കണ്ടുപിടിച്ചത് ലോക ചരിത്രത്തിലെ സുപ്രധാന സംഭവങ്ങളാണ്. ഇവ കണ്ടെത്തിയശേഷം കായികശേഷി വിജയം അനിവാര്യമല്ലാതായിത്തീർന്നു. ചക്രങ്ങൾ യന്ത്രങ്ങളിലേക്കും വൈദ്യുതിയിലേക്കും നമ്മെ നയിച്ചു. യന്ത്രങ്ങളിൽ വച്ച് ഏറ്റവും വലിയ യന്ത്രമാണ് ഭരണയന്ത്രം. പ്രത്യക്ഷമല്ലെങ്കിലും എല്ലാത്തിന്റേയും പ്രഭവ കേന്ദ്രമാണ് ഭരണയന്ത്രം. അസ്വാഭാവികതയിൽ സ്വാഭാവികത ജനിപ്പിക്കുന്ന യഥാർത്ഥ കലയെ അങ്ങേയറ്റം ആർജ്ജവത്തോടുകൂടി അവതരിപ്പിച്ച വ്യക്തിത്വത്തിനുടമയാണ് മലയാറ്റൂർ രാമകൃഷ്ണൻ- 'ബ്രിഗേഡിയർ കഥകളും', 'വലിയ ലോകവും ചെറിയ മനുഷ്യനും', 'വേരുകളും', 'യക്ഷിയും' നമുക്ക് സമ്മാനിച്ച മഹാനായ കലാകാരൻ, ഡോ. ഡി. ബാബുപോളിനും സിനിമാതാരം ജയറാമിനുമെല്ലാം ഒപ്പം പെരുമ്പാവൂരുകാർ മനസ്സിൽ ചേർത്തോമനിച്ചു വരുന്ന ഒരു വലിയ മനുഷ്യനാണ് മലയാറ്റൂർ രാമകൃഷ്ണൻ. ഒരു ആദർശവാദിയുടെ തലയെടുപ്പും സർക്കാർ ഉദ്യോഗസ്ഥന്റെ വയർ പൊറുപ്പും തമ്മിലുള്ള സംഘട്ടനത്തിലെ ഗതിവിഗതികളിൽ സമചിത്തത പുലർത്തിയ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ദർശനങ്ങളുടെ ദ്വൈതഭേദങ്ങളാൽ പിച്ചിച്ചീന്തപ്പെട്ട കൗമാരവുമായി നടന്ന ഘട്ടത്തിൽ പി. കൃഷ്ണപിള്ളയും പനമ്പിള്ളി ഗോവിന്ദമേനോനും, ഐ. ജി. ചന്ദ്രശേഖരൻ നായരുമെല്ലാമായി സഹവസിച്ച് ദിശാബോധം നേടിയ മലയാറ്റൂർ രാമകൃഷ്ണന്റെ സ്മാരകമായി ഇരിങ്ങോൽ നാഗഞ്ചേരി മനയെ പ്രഖ്യാപിക്കുകയും അവിടെ ചരിത്ര മ്യൂസിയവും വാക്സ് മ്യൂസിയവുമുൾപ്പെടെ സ്ഥാപിക്കുകയും ചെയ്യണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly